**കേരളസർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- ഗ്രാമവികസനം - ജീവനക്കാര്യം - ജനകീയാസൂത്രണ പദ്ധതിയിലെ ക്രമക്കേട് - മലപ്പുറം ജില്ലയിലെ പുൽപ്പറ്റ ഗ്രാമപഞ്ചായത്ത് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറായിരുന്ന ശ്രീ.റ്റി.ചന്ദ്രനെതിരായ അച്ചടക്ക നടപടി - 'സെൻഷർ' നൽകി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ( ഇആർബി) വകുപ്പ്**

**സർക്കാർ ഉത്തരവ് (സാധാ) നമ്പർ. 772/2013/തസ്വഭവ, തിരുവനന്തപുരം,തീയതി, 23.03.2013**

---

പരാമർശം:- 1. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 30.06.2011ലെ E10(SC13/2011/MPM) 8550/2011 നമ്പർ കത്ത്.

2. 11.08.2011 തീയതിയിൽ ശ്രീ.റ്റി.ചന്ദ്രന് നൽകിയ 39217/ഇആർബി1/2011/തസ്വഭവ നമ്പർ കുറ്റപത്രം.
3. ശ്രീ.റ്റി.ചന്ദ്രൻ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 07.10.2011-ൽ നൽകിയ പ്രതിവാദപത്രിക.
4. 29.09.2011 തീയതിയിലെ 39217/ഇആർബി1/2011/എൽഎസ്ജിഡി നമ്പർ സർക്കാർ കത്ത്.
5 ഗ്രാമവികസന കമ്മീഷണറുടെ 30.05.2012ലെ 20668/എസ്റ്റാഎ4/2011/ സിആർഡി നമ്പർ കത്ത്.
6. പഞ്ചായത്ത് ഡയറക്ടറുടെ 10.6.2012ലെ ഡി4-29698/2011 നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിൽ അരീക്കോട് ബ്ലോക്ക് പഞ്ചായത്ത്, പുൽപ്പറ്റ ഗ്രാമപഞ്ചായത്തിലെ വി.ഇ.ഒ.ആയിരുന്ന ശ്രീ.റ്റി.ചന്ദ്രനെതിരെ ഉന്നയിക്കപ്പെട്ട ആരോപണങ്ങളിന്മേൽ 19.05.2011-ൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, മലപ്പുറം യൂണിറ്റ് അന്വേഷണം നടത്തുകയുണ്ടായി. 2009-2010-ൽ പുൽപ്പറ്റ ഗ്രാമപഞ്ചായത്തിൽ വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി ജനകീയാസൂത്രണ പദ്ധതി പ്രകാരം നടപ്പാക്കിയ 1,44,804/- രൂപ അടങ്കൽ തുകയായി ഉൾക്കൊള്ളിച്ചു കൊണ്ടുള്ള 54 പട്ടികജാതി യുവജനങ്ങൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകുന്നതിനു വേണ്ടിയുള്ള പ്രോജക്ടിനു വേണ്ടി മുഴുവൻ തുകയും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി 29.03.2010ൽ വി.ഇ.ഒ.യ്ക്ക് അനുവദിക്കുകയുണ്ടായി. അന്നേ ദിവസം തന്നെ ബന്ധപ്പെട്ട ബിൽ ട്രഷറിയിൽ ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. വി.ഇ.ഒ. ഓഫീസിൽ സൂക്ഷിച്ചിരിക്കുന്ന

ക്യാഷ് ബുക്ക് രേഖകൾ പ്രകാരം പ്രസ്തുത തുകയിൽ നിന്നും DD No.130337 മുഖേന 70,000/-രൂപയും DD No.130338 മുഖേന 74,000/- രൂപയും ശ്രീ.മുഹമ്മദ്കുട്ടിക്ക് (പ്രൊപ്രൈറ്റർ, ഇന്ത്യൻ ഡ്രൈവിംഗ് സ്ക്കൂൾ, മഞ്ചേരി) വിതരണം ചെയ്തതായും DD No.130335 മുഖേന 804/- രൂപ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തന്നെ എടുത്തതായും കാണുന്നു. എന്നാൽ ഡിമാന്റ് ഡ്രാഫ്റ്റ് വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ, 74,000/- രൂപയുടെ ഡിഡി ശ്രീ.മുഹമ്മദ്കുട്ടി കൈപ്പറ്റിയിട്ടില്ലെന്ന് കണ്ടെത്തി. ട്രഷറിയിൽ അന്വേഷിച്ചതിൽ, പ്രസ്തുത തുക 10.03.2011-ൽ ട്രഷറിയിൽ തിരിച്ച് അടച്ചിട്ടുണ്ടെന്നും എന്നാൽ ശ്രീ.ടി.ചന്ദ്രൻ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ പുൽപ്പറ്റ ഗ്രാമപഞ്ചായത്തിൽ നിന്ന് ട്രാൻസ്ഫർ ആയി പോയതിനു ശേഷമാണ് ടിയാൻ പ്രസ്തുത തുക തിരിച്ചടച്ചതെന്നും അന്വേഷണത്തിൽ കണ്ടത്തുകയുണ്ടായി.

ഡയറക്ടർ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പരാമർശം (1)ലെ ശുപാർശ പ്രകാരം ശ്രീ.ടി.ചന്ദ്രൻ, മുൻ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പുൽപ്പറ്റക്ക് പരാമർശം (2) പ്രകാരം കുറ്റപത്രം നൽകുകയും പരാമർശം (3) പ്രകാരം ടിയാൻ സർക്കാരിൽ പ്രതിവാദപത്രിക സമർപ്പിക്കുകയും ചെയ്തു.

ജനകീയാസൂത്രണപദ്ധതിയിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് തുടർ നടപടി സ്വീകരിക്കുന്നതിന് പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകുകയുണ്ടായി. പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ബോധ്യപ്പെടുത്തിയതിന്റെയും, നൽകാനുള്ള തുക ട്രഷറിയിൽ തിരിച്ചടച്ചതിന്റെയും അടിസ്ഥാനത്തിൽ പദ്ധതിയുമായി ബന്ധപ്പെട്ട് ഇന്ത്യൻ ഡ്രൈവിംഗ് സ്കൂളിന് നിയമാനുസൃതം നൽകാനുള്ള തുകയ്ക്ക് പദ്ധതി തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തോടെയും, നിയമാനുസൃത രേഖകളുടെ അടിസ്ഥാനത്തിലും പ്രസ്തുത സ്ഥാപനത്തിന് തുക നൽകുന്നതിന് വേണ്ട നടപടികൾ എടുക്കുന്നതിന് പുൽപ്പറ്റ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതായി പരാമർശം (6) പ്രകാരം പഞ്ചായത്ത്ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

ശ്രീ.റ്റി.ചന്ദ്രൻ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ പ്രതിവാദ പത്രികയിന്മേൽ പരാമർശം (5) പ്രകാരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് സമർപ്പിച്ചു. 2009-2010-ൽ പുൽപ്പറ്റ ഗ്രാമപഞ്ചായത്തിൽ

ജനകീയാസൂത്രണപദ്ധതി പ്രകാരം 54 പട്ടികജാതി യുവജനങ്ങൾക്ക് (30 പേർക്ക് 4 വീൽ ഡ്രൈവിംഗ് പരിശിലനം, 24 പേർക്ക് 3 വീൽ ഡ്രൈവിംഗ് പരിശീലനം) ഡ്രൈവിംഗ് പരിശീലനം നൽകുന്നതിനു വേണ്ടി 1,44,804/- രൂപ അടങ്കൽ തുകയായി ഉൾക്കൊളളിച്ചു കൊണ്ടുള്ള പ്രോജക്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥൻ ആയിരുന്ന ശ്രീ.ടി.ചന്ദ്രൻ പരിശീലനം കഴിഞ്ഞ് 30 പേർക്ക് ലൈസൻസ് നൽകിയതിനെ തുടർന്ന് 31.03.2010ന് പ്രൊജക്ട് തുക ട്രഷറിയിൽ നിന്ന് പിൻവലിക്കുകയും, ഇതിൽ 70,000/- രൂപയ്ക്കുള്ള ഡിഡി പ്രൊപ്രൈറ്റർ ഇൻഡ്യൻ ഡ്രൈവിംഗ് സ്കൂൾ, മഞ്ചേരിക്ക് നൽകിയിട്ടുണ്ടെന്നും ശേഷിക്കുന്ന 24 പേർക്ക് ഡ്രൈവിംഗ് ലൈസൻസ് നൽകാത്തതിനെ തുടർന്ന് 74,000/- രൂപ പിടിച്ചു വയ്ക്കുകയും 10.03.2011-ന് ട്രഷറിയിൽ തിരിച്ചടക്കുകയും ചെയ്തുവെന്നും 31.03.2010ന് ട്രഷറിയിൽ നിന്ന് പിൻവലിച്ച തുകയിൽ 74,000/- രൂപയ്ക്കുള്ള 19.04.2010ലെ 130338-ാം നമ്പർ ഡിഡി 19.11.2010ന് റീവാല്യൂഡേറ്റ് ചെയ്തതിനാൽ misappropriation ഇല്ലായെന്നും ബാക്കി തുകയായ 804/- രൂപ പ്രോജക്ടിന്റെ നിർവ്വഹണ ചെലവാണെന്നും, 19.04.2010 - ന് ഡിഡി ആക്കി മാറ്റിയ 74,000/- രൂപ ഡ്രൈവിംഗ് സ്കൂൾ ഉടമയ്ക്ക് നൽകുന്നതിലേയ്ക്കായി 16.6.2010 നും 23.12.2010നും ടിയാൻകത്ത് നൽകിയിട്ടുള്ളതായി അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), മലപ്പുറം അറിയിച്ചിട്ടുള്ളതായും ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

എന്നാൽ രജിസ്ട്രേഡ് ആയി കത്ത് നൽകാതിരുന്നതും, പ്രോജകട് ആരംഭിക്കുന്ന സമയത്ത് ശരിയായ രീതിയിൽ എഗ്രിമെന്റ് വയ്ക്കാതിരുന്നതും നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന ശ്രീ.ടി.ചന്ദ്രൻ, വി.ഇ.ഒ.യുടെ ഭാഗത്തു നിന്നും സംഭവിച്ച വീഴ്ചയാണെന്ന് ഗ്രാമവികസന കമ്മീഷണർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഫയലുകൾ വിജിലൻസ് ഓഫീസിൽ സമർപ്പിച്ചതിനാലാണ് ചാർജ്ജ് നൽകുവാൻ താമസം നേരിട്ടതെന്നും എന്നാൽ മുഴുവൻ ഗുണഭോക്താക്കൾക്കും പരിശീലനം നൽകി ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിനു മുൻപ് പദ്ധതി വിജയകരമായി പൂർത്തീകരിച്ചതായി മോണിറ്ററിംഗ് കമ്മറ്റി സാക്ഷ്യപ്പെടുത്തിയിരിക്കുന്നത് ന്യായീകരിക്കാൻ കഴിയുകയില്ല എന്നും ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്നു.

ബന്ധപ്പെട്ട പ്രോജക്ടിന്റെ നടത്തിപ്പിൽ ശ്രീ.ടി.ചന്ദ്രൻ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സർക്കാരിന് സാമ്പത്തിക ബാദ്ധ്യത

വരുത്തിയിട്ടില്ലാത്ത സാഹചര്യത്തിലും പദ്ധതി നിർവ്വഹണ സമയത്ത് ടിയാന്റെ ഭാര്യയുടെ പ്രസവവുമായി ബന്ധപ്പെട്ട് ആശുപത്രിയിൽ ആയതിനാൽ ടിയാൻ മാനസികമായും ശാരീരികമായും അവശനായിരുന്നതിനാലാണ് ഡിഡി തുകയായ 74,000/- രൂപ തിരിച്ചടയ്ക്കാൻ താമസിച്ചതെന്നുമുള്ള വിശദീകരണം കണക്കിലെടുത്തും, മാനുഷിക പരിഗണന നൽകിയും, അനുഭാവ പൂർണമായ നിലപാട് ഈ വിഷയത്തിൽ സ്വീകരിച്ച് ടിയാനെതിരായ അച്ചടക്ക നടപടി മൈനർ ശിക്ഷയായ 'സെൻഷർ' നൽകി തീർപ്പാക്കാവുന്നതാണെന്നും ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ഗ്രാമവികസന കമ്മീഷണറുടെ ശുപാർശയുടെ അടിസ്ഥാനത്തിലും, ജനകീയാസൂത്രണ പദ്ധതിയുടെ നടത്തിപ്പിൽ ടിയാന്റെ ഭാഗത്തു നിന്നും സാമ്പത്തിക ബാദ്ധ്യത വരുത്തിയിട്ടില്ലാത്ത സാഹചര്യത്തിലും മലപ്പുറം ജില്ലയിലെ പുൽപ്പറ്റ ഗ്രാമപഞ്ചായത്തിലെ മുൻ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ആയിരുന്ന ശ്രീ.റ്റി.ചന്ദ്രനെതിരായ അച്ചടക്ക നടപടി 'സെൻഷർ' നൽകി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എസ്.യു.രാജീവ്**
**ഡെപ്യൂട്ടി സെക്രട്ടറി**

ശ്രീ.റ്റി.ചന്ദ്രൻ, മുൻ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പുൽപ്പറ്റ ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല. (ഗ്രാമവികസന കമ്മീഷണർ മുഖേന)
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), തൃശ്ശൂർ
വിജിലൻസ്(ഇ) വകുപ്പ് (നം.16079/ഇ3/2012/വിജി. തീയതി 10.01.2013)
ഇൻഫർമേഷൻ കേരള മിഷൻ
ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ